**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3539 — 11/12/2018 ൽ മറുപടിക്ക്

**വാണിജ്യ സ്ഥാപനങ്ങളിലെ പാർക്കിംഗ് ഫീസ്**

| ചോദ്യം | മറുപടി |
|---|---|
| **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | **എ.സി.മൊയ്തീൻ (തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)** |

| | | |
|---|---|---|
| **എ** | വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് വാണിജ്യ സ്ഥാപനങ്ങൾ അമിതമായ ഫീസ് ഈടാക്കുന്ന കാര്യം അറിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ; | **എ)** വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് വാണിജ്യ സ്ഥാപനങ്ങൾ ഫീസ് ഈടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| **ബി** | ഏതെല്ലാം നഗരസഭകളിൽ ഇത്തരത്തിൽ പാർക്കിംഗിന് ഫീസ് വാങ്ങുന്നത് സംബന്ധിച്ച് പരാതികൾ നിലവിലുണ്ട്; | **ബി)** കോഴിക്കോട്, തിരുവനന്തപുരം, തൃശ്ശൂർ എന്നീ നഗരസഭകളിൽ ഇതു സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടുണ്ട്. |
| **സി** | കസ്റ്റമേഴ്സിന്റെ പക്കൽ നിന്നും വാണിജ്യസ്ഥാപനങ്ങൾ പാർക്കിംഗ് ഫീസ് വാങ്ങുന്നതിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷനുകളിൽ സ്വീകരിച്ച നടപടി സംബന്ധിച്ച ഫയലിന്റെ കോപ്പി ലഭ്യമാക്കുമോ; വിശദവിവരം നല്കുമോ; | **സി) & ഡി)** കോഴിക്കോട്, തിരുവനന്തപുരം, തൃശ്ശൂർ കോർപ്പറേഷനുകളിൽ ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി പരിശോധനകൾ നടന്നുവരുന്നു. ഈ വിഷയത്തിൽ കോർപ്പറേഷനുകൾ സ്വീകരിച്ച നടപടി സംബന്ധിച്ച ഫയൽ പിന്നീട് ലഭ്യമാക്കുന്നതാണ്.<br>കോഴിക്കോട് നഗരസഭയിൽ പരാതി ലഭിച്ചതിനെ തുടർന്ന് വാണിജ്യ സ്ഥാപനങ്ങളുടെ സംഘടനകളുടെ സെക്രട്ടറിമാർക്ക് നോട്ടീസ് നൽകുകയും നിയമാനുസൃതമായ നടപടികൾ സ്വീകരിച്ച് പാർക്കിംഗ് ഫീസ് ഈടാക്കുന്നത് അവസാനിപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br>തൃശ്ശൂർ നഗരസഭയിൽ പാർക്കിംഗ് ഫീസുമായി ബന്ധപ്പെട്ട പരാതികളിന്മേൽ അന്വേഷണം നടന്നു വരുന്നു. |
| **ഡി** | കോർപ്പറേഷൻ സെക്രട്ടറിമാർ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ വിശദവിവരം ലഭ്യമാക്കുമോ? | |

സെക്ഷൻ ഓഫീസർ